# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4347     25.06.2019 -ൽ മറുപടിക്ക്**

**<u>തിരുവമ്പാടി മണ്ഡലത്തിലെ മലയോര ഹൈവേ പ്രവൃത്തി</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ജോർജ്.എം.തോമസ് :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മലയോര ഹൈവേയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും പദ്ധതിയുടെ വിശദാംശവും ലഭ്യമാക്കുമോ; | (എ) | മലയോര ഹൈവേയുടെ നാല് ഘട്ടങ്ങളിൽ മൂന്നും നാലും ഘട്ടങ്ങളാണ് തിരുവമ്പാടി മണ്ഡലത്തിലൂടെ കടന്ന് പോകുന്നത്. കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള 35.35 കി.മീ. ഭാഗത്തിന് കിഫ്ബിയിൽ നിന്ന് 144 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തലയാട് മുതൽ കോടഞ്ചേരി വരെയുള്ള 18 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനു മുമ്പായി 12 കി.മീ. വീതിയിൽ ഫ്രീ സറണ്ടർ ആയി സ്ഥല ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തലയാട് മുതൽ കോടഞ്ചേരി വരെയുള്ള ഭാഗത്തിന് സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് 12 മീ. വീതിയിൽ സ്ഥല ലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**